# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3646 11.11.2019 ലെ മറുപടി**

### ജലസ്രോതസ്സുകൾ മലിനപ്പെടുത്തുന്നവർക്കെതിരെ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.മാത്യു.റ്റി.തോമസ്**<br>**ശ്രീ.സി.കെ.നാണു** | | **പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| (എ) ജലസ്രോതസ്സുകൾ മലിനപ്പെടുത്തുന്നവർക്കെതിരെ വിവിധ വകുപ്പുകൾ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) യും (ബി) യും | ജലസ്രോതസ്സുകൾ മലിനമാക്കുന്നവർക്കെതിരെ ചുവടെപ്പറയുന്ന നിയമങ്ങൾ പ്രകാരം വിവിധ ഏജൻസികൾ/ വകുപ്പുകൾ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) ആഭ്യന്തര വകുപ്പും ജലസേചനവകുപ്പും പരിസ്ഥിതി വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും ജലസ്രോതസ്സുകൾ മലിനപ്പെടുത്തുന്നവർക്കെതിരെ നിലവിലുള്ള നിയമവ്യവസ്ഥകൾ പ്രയോഗത്തിൽ കൊണ്ടുവരുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ; | | 1.ജലമലിനീകരണ (നിവാരണവും നിയന്ത്രണവും) നിയമം, 1974.<br>2. കേരള പഞ്ചായത്തീരാജ് നിയമം, 1994<br>3. കേരള മുനിസിപ്പാലിറ്റീസ് നിയമം, 1994<br>4. കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) നിയമം, 2018.<br>ജലസ്രോതസ്സുകൾ മലിനപ്പെടുത്തുന്നവർക്കെതിരെ ശിക്ഷാ നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മലിനീകരണ നിയന്ത്രണ ബോർഡ്, ആരോഗ്യ വകുപ്പ്, ഭക്ഷ്യ സുരക്ഷാ വകുപ്പ്, പോലീസ് എന്നീ വകുപ്പുകൾ ചേർന്ന് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ സ്വീകരിച്ചു വരുന്നു.<br>ജലസ്രോതസ്സുകളിലേക്ക് പാഴ്ജലം ഒഴുക്കുന്നതിന് ജല മലിനീകരണ (നിവാരണവും നിയന്ത്രണവും) നിയമം, 1974 പ്രകാരം മലിനീകരണ നിയന്ത്രണ ബോർഡ് നിയന്ത്രണം ഏർപ്പെടുത്തി വരുന്നു. വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, പാർപ്പിട സമുച്ചയങ്ങൾ, വലിയഹോട്ടലുകൾ, |

റിസോർട്ടുകൾ, ഹൗസ് ബോട്ടുകൾ എന്നിവിടങ്ങളിൽ നിന്നെല്ലാം പുറത്തുവിടുന്ന സീവേജ് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ജലമലിനീകരണത്തിന് കാരണമാകുമെന്നതിനാൽ ഈ സ്ഥാപനങ്ങളെ ജല നിയമ പ്രകാരമുള്ള അനുമതി പരിധിയിൽ കൊണ്ടു വന്ന് ശാസ്ത്രീയമായ മലിനജല ശുദ്ധീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയും അതിന്റെ പ്രവർത്തനം ഇടയ്ക്കിടെ പരിശോധന നടത്തിയും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജലമലിനീകരണം നിയന്ത്രിച്ചുവരുന്നു.

ജലമലിനീകരണം തടയുന്നതിനായി ശിക്ഷാനടപടികൾ ശക്തമാക്കിക്കൊണ്ടുള്ള കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) നിയമം 2018 നിലവിലുണ്ട്. പ്രസ്തുത നിയമപ്രകാരം ജലസ്രോതസ്സുകളിലേക്ക് ഖര/ദ്രവമാലിന്യം നിക്ഷേപിക്കുന്നത് കുറ്റകരമാക്കുകയും, അപ്രകാരം ചെയ്യുന്നത് തെളിയിക്കപ്പെട്ടാൽ, കുറഞ്ഞത് ഒരു വർഷവും, പരമാവധി മൂന്ന് വർഷം വരെ തടവും ഒപ്പം പരമാവധി രണ്ട് ലക്ഷം രൂപ വരെ പിഴയും ഈടാക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പരാതി നൽകുന്നതിനനുസരിച്ച് ബന്ധപ്പെട്ട പോലീസ് അധികൃതരാണ് അന്വേഷണം നടത്തി കേസ് ഫയൽ ചെയ്യേണ്ടത്. മാലിന്യ നിക്ഷേപവുമായി ബന്ധപ്പെട്ട പരാതികൾ പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതിന് ജലസേചനവകുപ്പിലെ ഫീൽഡ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ജലസേചനവും ജലസംരക്ഷണവും ആക്ടിൽ ഈ സർക്കാർ വരുത്തിയ ഭേദഗതികൾ പ്രകാരം പോലീസിന് നിയമനടപടികൾ സ്വീകരിയ്ക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത വ്യവസ്ഥകൾ പ്രകാരം നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശങ്ങൾ നൽകുമോ; വ്യക്തമാക്കുമോ?

(സി) 2018 ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) നിയമമനുസരിച്ച് പോലീസ് അധികൃതർ നിയമനടപടി സ്വീകരിക്കുന്നതിൽ നിലവിൽ തടസ്സങ്ങളില്ല. പോലീസ് സ്റ്റേഷനിൽ നൽകുന്ന പരാതിയിൻമേൽ അന്വേഷണം നടത്തി ഫസ്റ്റ്ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിലാണ് കേസ് ഫയൽ ചെയ്യേണ്ടത്.

**സെക്ഷൻ ഓഫീസർ**